സ്ഥലവും ചെന്നയിലെ 55 സെന്റ് സ്ഥലവും പൊതുഭരണ (ടൂറിസം) വകുപ്പിന്റെ അധീനതയിലാണ്. വാരാണസിയിലുള്ള സ്ഥലം കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിലാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംയോജിത മത്സ്യ വികസന പദ്ധതി

1 (2876) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. സി. ഡി. സി. യുടെ ധനസഹായത്തോടെ മത്സ്യഫെഡ് നടപ്പാക്കുന്ന സംയോജിത മത്സ്യ വികസനപദ്ധതി മുഖേന എന്തെല്ലാം ആനുകൂല്യമാണ് ലഭ്യമാക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ജില്ലാതല ബെനിഫിഷ്യറി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം കമ്മിറ്റികൾ സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിയമസാധ്യത ഇല്ലാത്ത ഈ കമ്മിറ്റികൾ എടുക്കുന്ന തീരുമാനങ്ങൾ റദ്ദാക്കണമെന്ന് പ്രാഥമിക സംഘം പ്രസിഡന്റുമാർ നിവേദനം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) സംയോജിത മത്സ്യ വികസന പദ്ധതി മുഖേന മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘാംഗങ്ങൾക്ക് മത്സ്യബന്ധനോപകരണങ്ങൾക്കുള്ള വായ്പ, മത്സ്യവിപണന സൗകര്യങ്ങൾ, പ്രാഥമിക സംഘങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കുള്ള വായ്പ, സംഘങ്ങൾക്ക് പ്രവർത്തന മൂലധനത്തിനുള്ള മാർജിൻമണി, എക്സ്റ്റെൻഷനും ട്രെയിനിംഗിനുമുള്ള ധനസഹായം എന്നീ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഈ കമ്മിറ്റികൾ നിയമസാധ്യത ഇല്ലാത്തവയല്ല. ഈ കമ്മിറ്റികൾ എടുക്കുന്ന തീരുമാനങ്ങൾ റദ്ദാക്കണമെന്ന് പ്രാഥമിക സംഘം പ്രസിഡന്റുമാരിൽനിന്ന് നിവേദനം ലഭിച്ചിട്ടില്ല.

മത്സ്യ വിപണനത്തിന് മൊബൈൽ യൂണിറ്റുകൾ

2 (2877) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്ക് മത്സ്യ വിപണനത്തിനായി കൂടുതൽ മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ഉൾനാടൻ തീരദേശ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് മത്സ്യഫെഡ് കൂടുതൽ ബസ് സർവീസ് ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പുരോഗതി അറിയിക്കുമോ ;

(സി) മത്സ്യവിപണനത്തിനുവേണ്ടി സ്ത്രീകൾക്ക് മോപ്പഡ് നൽകുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്നും സംസ്ഥാനത്തെ ഓരോ ജില്ലയിലും ഇപ്രകാരം മോപ്പഡ് നൽകുന്ന പദ്ധതി മുഖേന എത്ര പേർ മത്സ്യ വിപണനം ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ ;

ഉത്തരം

(എ) മത്സ്യഫെഡ് നടപ്പിലാക്കുന്ന പദ്ധതികളിൽ സ്ത്രീകൾക്കുള്ള മത്സ്യ മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ജനകീയാസൂത്രണം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നുണ്ട്. 1998-99 വർഷത്തിലെ ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി മത്സ്യഫെഡിന്റെ കീഴിലുള്ള ആലപ്പുഴ ജില്ലയിലുള്ള മത്സ്യത്തൊഴിലാളി വനിതാ സംഘം 13.6 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതിയിൽ പ്രൊഡക്ഷൻ സെന്റർ, മത്സ്യമൊബൈൽ യൂണിറ്റ്, ഫിഷ്സ്റ്റാൾ എന്നീ ഘടകങ്ങളാണ് ഉള്ളത്.

(ബി) മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യ വിപണനത്തിനായി മത്സ്യഫെഡ് താഴെപറയുന്ന എട്ട് റൂട്ടുകളിൽ ബസ് സർവീസ് നടത്തുന്നുണ്ട്.

1. തിരുവനന്തപുരം - നീണ്ടകര
2. തിരുവനന്തപുരം - അഞ്ചുതെങ്ങ് - നീണ്ടകര
3. തിരുവനന്തപുരം സിറ്റി
4. വിഴിഞ്ഞം - കാക്കാമൂല
5. പൊഴിയൂർ - മര്യാപുരം
6. കൊച്ചിസിറ്റി
7. പരവൂർ - എറണാകുളം
8. വൈക്കം സിറ്റി

കൂടാതെ 1999 ഫെബ്രുവരി മാസം മുതൽ കൊല്ലം ജില്ലയിൽ മത്സ്യഫെഡിന്റെയും കൊല്ലം ജില്ലാ പഞ്ചായത്തിന്റെയും സഹായത്തോടു കൂടി താഴെപറയുന്ന സഹകരണ സംഘങ്ങൾ മൂന്നു ബസ് സർവീസുകൾ നടത്തുന്നുണ്ട്.

1. മരുതൂർകുളങ്ങര - കുലശേഖരപുരം സംഘം പ്രവർത്തിപ്പിക്കുന്നത് നീണ്ടകര - അഴീക്കൽ റൂട്ട്.
2. കോയിവിള ഉൾനാടൻ സംഘം പ്രവർത്തിപ്പിക്കുന്നത് നീണ്ടകര-കോയിവിള റൂട്ട്.

(സി) മത്സ്യ വിപണനത്തിനായി സ്ത്രീകൾക്ക് രണ്ടു ജില്ലകളിൽ മോപ്പഡ് നൽകി കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ 5 പേർക്കും, കോട്ടയം ജില്ലയിൽ 10 പേർക്കുമാണ് മത്സ്യ വിപണനത്തിനു മോപ്പഡ് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly